File No.GEDN-J3/113/2018-G.EDN

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### <u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നല്കുന്ന ബി.എ.എഡ് (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) എച്ച്.എസ്.ടി(സോഷ്യൽ സ്റ്റഡീസ്),എച്ച്.എസ്.ടി (ഇംഗ്ലീഷ്) എന്നീ തസ്തികളിലെ നിയമനത്തിന് മതിയായ യോഗ്യതയായി നിശ്ചയിച്ച് ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ.(സാധാ) നം.2135/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 04/06/2019**

---

പരാമർശം:- 1 22-2-19-ലെ പ്രോഗ്രാം 2/3078/18/SCERT നമ്പറായ SCERT ഡയറക്ടറുടെ കത്ത്.

### <u>ഉത്തരവ്</u>

മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നല്കുന്ന ബി.എ.എഡ് (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് കോഴ്സ് എച്ച്.എസ്.ടി (സോഷ്യൽ സ്റ്റഡീസ്) എച്ച്.എസ്.ടി (ഇംഗ്ലീഷ്) എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന് മതിയായ യോഗ്യതയായി പരിഗണിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി.

സർക്കാർ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ സൂചന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ മൈസൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നല്കുന്ന ബി.എ.എഡ് (സോഷ്യൽ സ്റ്റഡീസ്, ഇംഗ്ലീഷ്) ഇന്റഗ്രേറ്റഡ് കോഴ്സ് എച്ച്.എസ്.ടി (സോഷ്യൽ സ്റ്റഡീസ്) എച്ച്.എസ്.ടി (ഇംഗ്ലീഷ്) എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന് മതിയായ യോഗ്യതയായി നിശ്ചയിച്ചുത്തരവാകുന്നു.

കെ.ഇ.ആറിലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി